## ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 13.07.2017-ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്സ്

സമ്പൂർണ്ണ പാർപ്പിട ദൗത്യം - ലൈഫ് മിഷന്റെ മൂന്നാം യോഗം 13.07.2017-ന് രാവിലെ 11 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത മറ്റ് അംഗങ്ങളുടെ പേര് വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

### അജണ്ട- I: 05.04.2017-ലെ യോഗതീരുമാനങ്ങളുടെ അംഗീകാരം

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 05.04.2017-ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്സ് അംഗീകരിച്ചു.

### അജണ്ട-2: 05.04.2017-ലെ യോഗത്തിന് ശേഷം സ്വീകരിച്ച നടപടികൾ

05.04.2017-ലെ യോഗത്തിന് ശേഷം സ്വീകരിച്ച നടപടികൾ അംഗീകരിച്ചു.

### അജണ്ട-3 : ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേയുടെ പുരോഗതി

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തൊട്ടാകെ 13,15,975 പേരെ സർവ്വേ ചെയ്തതിൽ, 5,06,904 കുടുംബങ്ങൾ അർഹതാ പട്ടികയിൽ ഉൾപ്പെട്ട് വന്നിട്ടുണ്ട് എന്നും ഇതിൽ 3,73,138 കുടുംബങ്ങൾ ഭൂരഹിത-ഭവനരഹിതരും, 1,33,766 കുടുംബങ്ങൾ ഭൂമിയുള്ള ഭവനരഹിതരും ആണെന്നും ലൈഫ് മിഷൻ സി.ഇ.ഒ. യോഗത്തെ അറിയിച്ചു. കൂടാതെ ലൈഫ് മിഷൻ സർവേയിൽ കണ്ടെത്തിയ കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ യോഗത്തിൽ സമർപ്പിച്ചു. ലൈഫ്

പദ്ധതി ആരംഭിച്ചപ്പോൾ 2.75 ലക്ഷം ഭൂരഹിതരുടെ കണക്കുകൾ ആണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അത് 3,73,138 ആയിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി. പല കുടുംബങ്ങളിലും കുടുംബസ്വത്ത് വിഭജിച്ച് കിട്ടാത്തതിനാൽ ആണ് ഇത്രയും ഭൂരഹിതരുടെ എണ്ണം വന്നത് എന്ന് യോഗം നിരീക്ഷിച്ചു.

കുടുംബശ്രീ നിലവിൽ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് ഇംഗ്ലീഷിൽ ആണെന്നും ആയത് തദ്ദേശസ്ഥാപന തലത്തിൽ മലയാളത്തിലേക്ക് മാറ്റി പ്രസിദ്ധീകരിക്കാവുന്നതാണെന്നും ബഹു. മുഖ്യമന്ത്രി അറിയിച്ചു.

ലൈഫ് സർവ്വേ പ്രകാരം 11,363 കുടുംബങ്ങൾ തോട്ടം മേഖലയിൽ നിന്നും ഭവനരഹിതരാണ് എന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ തൊഴിൽ വകുപ്പിന്റെ കണക്കുകൾ പ്രകാരം 22,609 ഭൂമിയുള്ള ഭവനരഹിതർ ഉണ്ടെന്നും 8,208 ഭൂരഹിത-ഭവനരഹിതർ ഉണ്ടെന്നും ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കണം എന്നും ബഹു. തൊഴിൽ വകുപ്പ് മന്ത്രി ആവശ്യപ്പെട്ടു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

## തീരുമാനങ്ങൾ

1. ലൈഫ് മിഷൻ വേണ്ടി കുടുംബശ്രീ നടത്തിയ സർവ്വേ പ്രകാരം തയ്യാറാക്കിയ കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.
2. ഗുണഭോക്തൃ ലിസ്റ്റ് ഇംഗ്ലീഷിൽ ലഭ്യമാകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലയാളത്തിലേക്ക് മാറ്റി പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്.
3. കരട് പട്ടികയിന്മേൽ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച്, അനർഹരെ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ള അർഹരെ ഉൾപ്പെടുത്തിയും

അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള സമയക്രമം ചുവടെ ചേർക്കുന്ന പ്രകാരം തീരുമാനിച്ചു.

- ഗുണഭോക്താക്കളുടെ കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറൽ – ജൂലൈ 15
- കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ട അവസാന തീയതി – ജൂലൈ 30
- ആദ്യഘട്ട അപ്പീലുകൾ സ്വീകരിക്കുന്ന അവസാന തീയതി – ആഗസ്റ്റ് 10
- ആദ്യഘട്ട അപ്പീലുകൾ പരിശോധിച്ച് പട്ടിക പുനഃപ്രസിദ്ധീകരിക്കൽ – ആഗസ്റ്റ് 20
- ജില്ലാ കളക്ടർക്ക് രണ്ടാം ഘട്ട ആക്ഷേപങ്ങൾ സമർപ്പിക്കാവുന്ന അവസാന തീയതി –ആഗസ്റ്റ് 25
- രണ്ടാം ഘട്ട അപ്പീലുകൾ പരിശോധിച്ച് പട്ടിക പുനഃപ്രസിദ്ധീകരിക്കൽ – ആഗസ്റ്റ് 31
- ഗ്രാമസഭ/ വാർഡ് സഭ കൂടി പട്ടിക അംഗീകരിക്കേണ്ട സമയം – സെപ്റ്റംബർ 01 മുതൽ 20 വരെ
- ഗ്രാമസഭ/ വാർഡ് സഭ അംഗീകരിച്ച പട്ടികകൾ ഭരണസമിതികൾ അംഗീകരിച്ച് അന്തിമ ഗുണഭോക്തൃ പട്ടികയുടെ പ്രസിദ്ധീകരണം – സെപ്റ്റംബർ 25

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾക്ക് അനർഹരായവരെ ഒഴിവാക്കാനുള്ള അധികാരം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദേശങ്ങൾ നൽകുവാൻ തീരുമാനിച്ചു.

5. ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് ടി.വി., റേഡിയോ, അയൽക്കൂട്ടങ്ങൾ എന്നിവ മുഖേന വ്യാപകമായ പരസ്യം നൽകുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

6. കരട് ഗുണഭോക്തൃ പട്ടികയിലെ ഭൂരഹിത-ഭവനരഹിതരിൽ നിന്ന് ചുവടെ ചേർത്തിട്ടുള്ള വിഭാഗങ്ങളെ ഒഴിവാക്കാൻ തീരുമാനിച്ചു

    a) കുടുംബസ്വത്തുള്ളവർ, സ്വത്ത് ഭാഗം വച്ച ശേഷം ഭൂരഹിതർ ആയവർ

    b) സ്വത്ത് ഭാഗം വച്ച് ലഭിക്കാൻ സാധ്യതയുള്ളവർ

ഇപ്രകാരമുള്ള ഭൂരഹിത-ഭവനരഹിതരെ ഭൂമിയുള്ള ഭവനരഹിതർ ആയി കണക്കാക്കാൻ തീരുമാനിച്ചു.

7. 25 വയസ്സിനുമേൽ പ്രായമുള്ള, വരുമാനമുള്ള, ആൺമക്കളുള്ള വിധവകളെ ക്ലേശഘടകം ഉള്ളവരുടെ കൂട്ടത്തിൽ നിന്ന് ഒഴിവാക്കി പൊതു വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

8. ലൈഫ് മിഷൻ കണ്ടെത്തിയിട്ടുള്ള തോട്ടം മേഖലയിലെ ഭവനരഹിതരിൽ, തോട്ടങ്ങളുടെ ലയങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ട് എന്ന് പരിശോധിക്കുന്നതിനും, തോട്ടം തൊഴിലാളികളുടെ തദ്ദേശസ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുന്നതിനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. തോട്ടം മേഖലയിലെ എല്ലാ ഭവനരഹിതരുടെയും ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിൽ നിന്ന് ശേഖരിച്ച്, അർഹതയുള്ളവരെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ലൈഫ് മിഷൻ സി.ഇ.ഒ-യെ ചുമതലപ്പെടുത്തി.

9. SC, ST, ഫിഷറീസ് വകുപ്പുകളുമായി ആലോചിച്ച് അവരുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ലൈഫ് ലിസ്റ്റിൽ

ഉൾപ്പെടാത്തവരുമായ അർഹരായ ഭവനരഹിതരെ പട്ടികയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

അജണ്ട-4: ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഏജൻസികളെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച്

ആദ്യ ഘട്ട നിർമ്മാണ പ്രവത്തനം ഏറ്റെടുക്കാൻ സന്നദ്ധമായിട്ടുള്ള നിർമ്മാണ ഏജൻസികൾ സമർപ്പിച്ച യൂണിറ്റ് നിരക്കുകൾ യോഗം വിലയിരുത്തി. ചതുരശ്ര അടിക്ക് 1819 മുതൽ 4313 രൂപ വരെ ആണ് ഏജൻസികൾ നൽകിയിട്ടുള്ള നിരക്ക്. ആയതിനാൽ ഇത് സംബന്ധിച്ച് സൂക്ഷ്മ പരിശോധന ആവശ്യമാണ് എന്ന് യോഗം നിരീക്ഷിച്ചു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

തീരുമാനങ്ങൾ

1. ആദ്യഘട്ട ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനായി സർക്കാർ ലൈഫ് മിഷന് വേണ്ടി **empanel** ചെയ്യുന്ന ഏജൻസികളിൽ നിന്നും ലിമിറ്റഡ് ടെണ്ടർ നടത്തി നിർമ്മാണ ചുമതല ഏൽപ്പിക്കുവാൻ തീരുമാനിച്ചു.
2. ഭവനസമുച്ചയങ്ങളുടെ പ്ലിന്ത് ഏരിയ 500 ചതുരശ്ര അടിയായി നിജപ്പെടുത്തുവാൻ തീരുമാനിച്ചു.
3. മൊത്തം പ്ലിന്ത് ഏരിയയുടെ 20% common facilities-നും (വരാന്ത, സ്റ്റെയർകെയ്സ്, മുതലായവ) 5% common amenities-നും (multipurpose hall, crèche, അംഗനവാടി, പകൽവീട്, മുതലായവ) നിജപ്പെടുത്തുവാൻ തീരുമാനിച്ചു.
4. എല്ലാ ജില്ലയിലെയും ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ standard, specification എന്നിവ ഏകീകരിക്കുന്നതിന് ലൈഫ് മിഷൻറെ സാങ്കേതിക സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

5. ലൈഫ് പദ്ധതിക്ക് ആവശ്യമായ GFRG പാനൽ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് FACT-മായി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

6. ലൈഫ് പദ്ധതിക്ക് ആവശ്യമായ സിമന്റ് ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് നിർമ്മാണ കമ്പനികളുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

7. ഭൂരഹിത-ഭവനരഹിതർ കുറവുള്ളതും എന്നാൽ ആവശ്യത്തിൽ കൂടുതൽ ഭൂമി ഉള്ളതുമായ തദ്ദേശ സ്ഥാപനങ്ങളിൽ മറ്റു തദ്ദേശ സ്ഥാപനങ്ങളിലെ ഭൂരഹിത-ഭവനരഹിതരെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള തരത്തിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുവാൻ തീരുമാനിച്ചു.

<u>അജണ്ട-5: ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കൽ</u>

ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഇതു വരെ 120 ഏക്കർ ഭൂമി മാത്രമേ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുള്ളൂ എന്ന വിവരം യോഗം വിലയിരുത്തി.

<u>തീരുമാനങ്ങൾ</u>

1. ഇതര വകുപ്പുകളുടെ കൈവശം ഉള്ള സർക്കാർ ഭൂമികൾ ലൈഫ് മിഷന് കൈമാറുന്നത് ജില്ലാ കലക്ടറുടെ . റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിക്കു രൂപം നൽകാൻ തീരുമാനിച്ചു. കമ്മിറ്റിയുടെ ഘടന താഴെ പറയും പ്രകാരം ആയിരിക്കും.

ചീഫ് സെക്രട്ടറി – ചെയർമാൻ

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ – അംഗം

| | |
|---|---|
| അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം | – അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, ത.സ്വ.ഭ. വകുപ്പ് | – അംഗം |
| ഭൂമിയുടെ ഉടമസ്ഥതയുള്ള വകുപ്പിന്റെ സെക്രട്ടറി | – അംഗം |
| സി.ഇ.ഒ., ലൈഫ് മിഷൻ | – കൺവീനർ |

2. ഭൂമി കൈമാറ്റത്തിനുള്ള ശുപാർശകൾ, പ്രസ്തുത കമ്മിറ്റിയിൽ വകുപ്പ് സെക്രട്ടറിമാർ ചർച്ച നടത്തി അംഗീകരിച്ച്, ബന്ധപ്പെട്ട ഫയൽ വകുപ്പ് മന്ത്രിമാരുടെ അംഗീകാരത്തിന് സമർപ്പിക്കുവാനും, ഇത്തരത്തിൽ കമ്മിറ്റി അംഗീകരിക്കുന്ന ശുപാർശകൾ ബന്ധപ്പെട്ട മന്ത്രിമാർ മുഖേന ചംക്രമണം നടത്തി കാബിനറ്റ് അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിച്ചു.

3. മറ്റു വകുപ്പുകളുടെ കൈയ്യിലുള്ള ഭൂമി ഇപ്പോൾ ഉപയോഗിക്കുന്നില്ല എങ്കിൽ അതത് ജില്ലാതല വകുപ്പ് മേധാവികൾ ജില്ലാ കളക്ടർമാരെ അറിയിക്കേണ്ടതും, പ്രസ്തുത ഭൂമികളുടെയും ജില്ലാ കലക്ടർമാർ സ്വയം കണ്ടെത്തുന്ന ഭൂമികളുടെയും വിവരങ്ങൾ ലൈഫ് മിഷനിൽ അറിയിക്കേണ്ടതാണ്. മറ്റ് വകുപ്പുകളുടെ കൈയ്യിലുള്ള ഇപ്പോൾ ഉപയോഗമില്ലാത്ത ഭൂമികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ മൂന്നു വർഷം മുമ്പുള്ള കാബിനറ്റിൽ തീരുമാനിച്ചിട്ടുള്ള വിവരം റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

4. ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് സ്വമേധയാ ഭൂമികൾ സംഭാവന ചെയ്യുന്നതിലേക്കായി ഒരു യജ്ഞം ആരംഭിക്കാൻ തീരുമാനിച്ചു.

- തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തുടങ്ങിയ ഏതെങ്കിലും ജില്ലയിൽ ഒക്ടോബർ 2-ന് ബഹു. മുഖ്യമന്ത്രിയുടെ ഉദ്ഘാടനത്തോടെ ഇതിന് തുടക്കം കുറിക്കാൻ തീരുമാനിച്ചു.

- ഇതോടനുബന്ധിച്ച് ഓരോ ജില്ലയിലും ഭൂദാന മേളകൾ നടത്താൻ തീരുമാനിച്ചു.

- തോട്ടം തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തോട്ടം മേഖലയിൽ സർക്കാർ പാട്ടവ്യവസ്ഥയിൽ നൽകിയ ഭൂമികളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചു.

- ഇതിന് ആവശ്യമായ ഭൂമികൾ കണ്ടെത്തുന്നതിന് ജില്ല കളക്ടർമാരെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

അജണ്ട-6 : പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പട്ടിക എല്ലാ ഗ്രാമപഞ്ചായത്തുകളും 89 നഗരസഭകളും ലഭ്യമാക്കിയിട്ടുണ്ട്. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം 2017-18-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ വിവിധ വകുപ്പുകൾ മുഖേന നൽകിയ പൂർത്തീകരിക്കാത്ത ഭവനങ്ങളെയും ഉൾപ്പെടുത്തണം എന്ന് യോഗം വിലയിരുത്തി. കൂടാതെ പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ ഉയർന്ന പരിധി നിശ്ചയിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്താവുന്നതാണ് എന്നും യോഗത്തിൽ അഭിപ്രായമുണ്ടായി.

തീരുമാനങ്ങൾ GO LSGD

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകിയ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പട്ടിക അംഗീകരിച്ചു.
2. വിവിധ വകുപ്പുകൾ മുഖേനെ നൽകിയ പൂർത്തീകരിക്കാത്ത ഭവനങ്ങളെയും കൂടി ഇതിലേക്ക് ഉൾപ്പെടുത്തണം.
3. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

- സ്വയം പൂർത്തീകരിക്കാൻ കഴിയുന്ന ഭവനങ്ങൾ ഗുണഭോക്താക്കളെ കൊണ്ട് തന്നെ പൂർത്തീകരിക്കേണ്ടതാണ്.

- അല്ലാത്ത വീടുകളുടെ പട്ടിക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും Third Party Technical Agency -ക്ക് കൈമാറി, CSR ഫണ്ട് കൂടി പ്രയോജനപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.
- 50%-ൽ കൂടുതൽ ധനസഹായം സ്വീകരിക്കുകയും ലിന്റിൽ /റൂഫ് ലെവൽ വരെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്ത ഭവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കർമ്മപദ്ധതി തയ്യാറാക്കി ഡിസംബർ 31-നകം പൂർത്തീകരിക്കേണ്ടതാണ്.
- 50%-ൽ താഴെ ധനസഹായം സ്വീകരിക്കുകയും മാരകരോഗങ്ങൾ മൂലവും കഷ്ടതകൾ കാരണവും കൈപ്പറ്റിയ തുകയ്ക്ക് ആനുപാതികമായി നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തതുമായ കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി, സി.എസ്.ആർ. ഫണ്ട്, മറ്റ് പ്രാദേശിക സംഭാവനകൾ എന്നിവയുപയോഗിച്ച്, മാർച്ച് 31-നകം പൂർത്തിയാക്കാവുന്നതാണ്. സി.എസ്സ്.ആർ ഫണ്ട് ബന്ധപ്പെട്ട പഞ്ചായത്തുകൾ സ്വയം കണ്ടെത്തേണ്ടതും, ജില്ലയ്ക്ക് ആവശ്യമായ ഫണ്ട് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലും കണ്ടെത്തേണ്ടതാണ്.
- പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ ഉയർന്ന പരിധി നിശ്ചയിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

GO pending

- പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി നിശ്ചയിച്ചിക്കുന്ന നിരക്കിലുള്ള ധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചു.
- പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് മുഖേന 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ നൽകിയ പുതിയ വീടുകളിൽ പണി പൂർത്തിയാക്കാത്തവയ്ക്ക് പ്രസ്തുത വകുപ്പ് നൽകി വരുന്ന അധിക ധനസഹായം നിലനിർത്തുവാൻ തീരുമാനിച്ചു.

- പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ 60 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ളവയ്ക്ക് അധിക ധനസഹായം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

- പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തി നിർമ്മിതി കേന്ദ്രത്തിന്റെ കീഴിലുള്ള "കലവറ" പോലെയുള്ള ഏജൻസികളിൽ നിന്ന് കുറഞ്ഞ ചെലവിൽ സാധനസാമഗ്രികൾ ലഭ്യമാക്കണം .

- ഈ ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് സിമന്റ് പരമാവധി വില കുറച്ച് നൽകുന്നതിന് മലബാർ സിമന്റ് ഉൾപ്പെടെ എല്ലാ സിമന്റ് കമ്പനികളോടും ആവശ്യപ്പെടാൻ വ്യവസായ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## അജണ്ട-7 : ലൈഫ് മിഷൻ ഓഫീസ് പ്രവർത്തനങ്ങൾക്ക് വേണ്ട നടപടികൾ

ലൈഫ് മിഷന്റെ ആവശ്യങ്ങൾക്കായി ബജറ്റ് വഴി ലഭിക്കുന്ന തുക നിലവിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും ലൈഫ് മിഷൻ സി.ഇ.ഒ.യും ഒരാൾ തന്നെ ആയതിനാലാണ് ഇത് സാധ്യമായത്. ലൈഫ് മിഷൻ മുഴുവൻ സമയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചുമതല ഏറ്റെടുത്തിട്ടുണ്ട്. മിഷന് പുതിയ സി.ഇ.ഒ.യെ നിയമിച്ച സാഹചര്യത്തിൽ സി.ഇ.ഒ.യുടെ പേരിൽ ബാങ്ക് / ട്രഷറി അക്കൗണ്ട് ആരംഭിക്കാവുന്നതാണ് എന്നും യോഗം ചർച്ച ചെയ്തു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

### തീരുമാനങ്ങൾ